66 (1661) **സി.എസ്.ഇ.എസ്. പദ്ധതി വളപ്പിൽ നടന്ന സംഘട്ടനം**

<u>ശ്രീ. കെ. മുഹമ്മദാലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലൂരിൽ പാതാളത്തിനടുത്ത് ബി.എസ്.ഇ.എഫ്. വൈദ്യുതി പദ്ധതി വളപ്പിൽ രണ്ട് വിഭാഗങ്ങൾ തമ്മിൽ 1999 നവംബർ 30-ാം തീയതി സംഘട്ടനം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ആരെല്ലാം തമ്മിൽ ആയിരുന്നുവെന്നും അതിനുള്ള കാരണം എന്തായിരുന്നുവെന്നും അറിയിക്കുമോ;

(സി) പ്രസ്തുത സംഘട്ടനത്തിൽ എത്രപേർക്ക് പരിക്കേറ്റു;

(ഡി) ഇതു സംബന്ധിച്ച കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ അതിലെ പ്രതികൾ ആരെല്ലാമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 30.11.1999-ൽ ഇങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ല. 29.11.1999-ന് ഇരുവിഭാഗം തൊഴിലാളികൾ തമ്മിൽ സംഘട്ടനമുണ്ടായി.

(ബി)-(ഇ) ഏലൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 72/99, 73/99 നമ്പരുകളിലായി രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

67 (1663) **ബീഫാത്തിമ്മയുടെയും ജോലിക്കാരിയുടെയും കൊലപാതകം**

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ നളംകരയിലെ ബീഫാത്തിമ്മയും, വേലക്കാരിയും 1993 ഫെബ്രുവരിയിൽ കൊലചെയ്യപ്പെട്ട കേസ്സ് ഏത് ഏജൻസിയാണ് ഇപ്പോൾ അന്വേഷിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവരെയായി ഏതെങ്കിലും പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രതികളെ അറസ്റ്റ് ചെയ്യാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേസ്സ് ക്രൈംബ്രാഞ്ച് അന്വേഷണത്തിലാണ്.

(ബി) ഇല്ല.

(സി) കുറ്റകൃത്യത്തിന് ഉപോൽബലകമായ തെളിവുകൾ ലഭിക്കാത്തതുകൊണ്ടും കുറ്റവാളികളെപ്പറ്റിയുള്ള സൂചനകൾ ലഭിക്കാത്തതിനാലുമാണ് പ്രതികളെ കണ്ടെത്താൻ കഴിയാത്തത്.

LIBRARY ARCHIVES Kerala Legislative Assembly